സ്കൂളുകളുടെ പ്രവർത്തനം പരിശോധിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (പി) നമ്പർ 243/99/പൊ.വി. തീയതി 30.9.99 പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് ഏകീകരിച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) കെ.ഇ.ആർ അദ്ധ്യായം 12, ചട്ടം 29-ൽ എയ്ഡഡ് അംഗീകൃത സ്കൂളുകളിലെ കുട്ടികളിൽനിന്നും പിരിക്കേണ്ട ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എത്രയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം (പി) 243/99/പൊ.വി. തീയതി 30.9.99 അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)&(ഡി) ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ കൂടുതൽ ഫീസ് ഈടാക്കുന്നത് അനധികൃതമാണ്. വലിയ തുക ഈടാക്കുന്നതായി പരാതി ലഭിച്ചാൽ നിയമാനുസൃതം നടപടി എടുക്കുന്നതാണ്.

109 (1327) നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്തു വകുപ്പിലെ നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെയും മറ്റും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്ന റോഡുകളുടെ നിർമ്മാണപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മരാമത്ത് വകുപ്പിലെ നിർമ്മാണപ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കാൻ 19.8.97-ലെ ജി.ഒ.(പി) 84/97/പി.ഡബ്ല്യു.ഡി. ആന്റ് ടി പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി)&(സി) പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക ഓരോ ഡിവിഷനും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചുകൊടുത്ത് അത്യാവശ്യമുള്ള പണികൾ ഏറ്റെടുത്ത് നടത്തിവരികയാണ്. റോഡുകളിലെ കുണ്ടും കുഴിയും ഓർഡിനറി റിപ്പയറിൽ ഉൾപ്പെടുത്തി ഈ മാസാവസാനംതന്നെ നികത്തി ഗതാഗതയോഗ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതകളിൽ പ്രകൃതിക്ഷോഭത്തിൽ തകരുന്ന റോഡു ഭാഗങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുകയും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പണി ഏറ്റെടുത്തു നടത്തുകയും ചെയ്യുന്നു.

(ഡി) അഡീഷണൽ ആതറൈസേഷൻവഴി തുക കണ്ടെത്തി അടിയന്തിരമായി ചെയ്യേണ്ട പണികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം റോഡ് പണികൾ ഒന്നുംതന്നെ മുടങ്ങിക്കിടക്കുന്നില്ല.

110 (1328) ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം

<u>ശ്രീ. പി. രാഘവൻ</u> :
<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> :
<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> :
<u>ശ്രീ. എം.എ. തോമസ്</u> :
<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലങ്ങളുടെ ബലക്ഷയം പരിശോധിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാലപ്പഴക്കംകൊണ്ടും മറ്റു കാരണങ്ങളാലും ബലക്ഷയം സംഭവിച്ചിട്ടുള്ള പാലങ്ങളിൽകൂടി വാഹനങ്ങൾ ഓടിക്കാതിരിക്കാനും അപകടസാദ്ധ്യത സംബന്ധിച്ച് ബോർഡു വയ്ക്കാനും നടപടി സ്വീകരിക്കുമോ;

(സി) കാലപ്പഴക്കം ചെന്ന പാലങ്ങളുടെ സ്ഥാനത്ത് പുതിയ പാലങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിലുള്ള പഴയ പാലങ്ങളും ബലക്ഷയം സംഭവിച്ച പാലങ്ങളും സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്) പാലങ്ങൾ പണിയുന്നതിനുവേണ്ടി ഒരു പ്രത്യേക ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിൽ ഓരോ ഡിവിഷന്റെ കീഴിലുള്ള പാലങ്ങളെല്ലാം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. ദേശീയപാതാവിഭാഗത്തിൽ പാലങ്ങളുടെ ഉറപ്പ് പരിശോധിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ മൊബൈൽ ബ്രിഡ്ജ് ഇൻസ്പെക്ഷൻ യൂണിറ്റ് ഉണ്ട്. 1995 അവസാനത്തോടുകൂടി നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly